# റിട്ടേൺ

## ആഫ്റ്റർ കൊറോണ




# ലിറ്റിൽകൈറ്റ്സ് മാഗസിൻ 2022

ഗവ.വി.എച്ച്.എസ്.എസ് വീരണകാവ്

# ഞങ്ങൾ ലിറ്റിൽ കൈറ്റ്സ്



## ഗവ.വി.എച്ച്.എസ്.എസ്,വീരണകാവ്



കൊറോണയിൽ നിന്നുള്ള അതിജീവനത്തിന്റെ ബഹിർസ്ഫുരണങ്ങളാണ് എങ്ങും.....ജീവിതം നമ്മെ തിരിച്ചുവരവിലേയ്ക്ക് ക്ഷണിക്കുന്നു.....റിട്ടേൺ എന്ന ഈ മാഗസിനും കൊറോണയുടെ ആധിപത്യത്തിൽ നിന്നും തിരിച്ചുവന്ന നമ്മുടെ വിദ്യാർത്ഥികളുടെ അതിജീവനത്തിന്റെ മാതൃകയാണ്.മാഗസിനു വേണ്ടി പ്രയത്നിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു....

**ഹെഡ്മിസ്ട്രസ് - ശ്രീമതി സന്ധ്യ സി**



കൊറോണയ്ക്ക് ശേഷമുള്ള ഈ മാഗസിൻ ഒരു അതിജീവനമാണ്.ജീവിതത്തിലേയ്ക്കുള്ള തിരിച്ചുവരവ്.....

റിട്ടേൺ എന്ന ഈ മാഗസിൻ തയ്യാറാക്കാൻ ശ്രമിച്ച എല്ലാ കുട്ടികൾക്കും അതിനായി പരിശ്രമിച്ച അധ്യാപകർക്കും ആശംസകൾ....

പ്രിൻസിപ്പൽ – ശ്രീമതി.സൂസൻ വിൽഫ്രഡ്

# പ്രധാന നേട്ടങ്ങൾ

ജൈവവൈവിധ്യ കോൺഗ്രസ് പ്രോജക്ട്

ജില്ലാതലം(ഹൈസ്കൂൾ ഒന്നാം സ്ഥാനം (2022)

ജൈവവൈവിധ്യ കോൺഗ്രസ് പ്രോജക്ട്

ജില്ലാതലം(UP ഒന്നാം സ്ഥാനം (2022)

മികച്ച ഇക്കോക്ലബ് സ്കൂൾ

ഹരിതജ്യോതി പുരസ്കാരം(2022)

ഹരിതവിദ്യാലയ പുരസ്കാരം(2021)

# ആശംസകൾ...........



ശ്രീ.അഡ്വ.വീരണകാവ് ശിവകുമാർ
പിറ്റിഎ പ്രസിഡന്റ്



ശ്രീ.മുഹമ്മദ് റാഫി
എസ്.എം.സി ചെയർമാൻ



ശ്രീമതി.ബിന്ദു
എം.പി.റ്റി.എ പ്രസിഡന്റ്

# എഡിറ്റോറിയൽ ബോർഡ്



റിട്ടേൺ എന്ന ഈ മാഗസിൻ
ഞങ്ങളുടെ സന്തോഷത്തിലേയ്ക്കുള്ള
തിരിച്ചുവരവിന്റെ പ്രതീകമാണ്.



ചെറിയ ഈ മാഗസിൻ
തയ്യാറാക്കാൻ
കുറച്ചേറെ പ്രയത്നം
വേണ്ടി വന്നു.മലയാളം
ടൈപ്പിംഗും കഥകളും
കവിതകളും
ശേഖരിക്കലും
സമയപരിമിതി കാരണം
സാവധാനമാണ്
നടന്നത്.എന്നിരുന്നാലും ലഭിച്ച
ഉത്പന്നങ്ങൾ കുട്ടിച്ചേർത്ത് ഇത്
മനേഹരമാക്കാൻ ഞങ്ങൾ
ശ്രമിച്ചിട്ടുണ്ട്.



## ഉള്ളടക്കം

പുഴ -കവിത....9
ആകാശം - കവിത....11
പി.ടി.എ യും കൊവിഡ് കാലവും....12
പ്രാണനായ പ്രകൃതി....13
കാറ്റ്....14
കടൽ -കവിത....15
കുഞ്ഞാടും രണ്ട് വൃദ്ധരും - കഥ....16
മഴ -കവിത....17
കൊറോണയും എന്റെ ഓർമകളും....18
വിദ്യാഭ്യാസം - അന്നും ഇന്നും....19
എൻെറ നാട്....21
കുളിർകാറ്റ്....22
കോവിഡ് -19....23
എന്തു സാധ്യം....24
തേന്മാവ്....25
മഴവില്ല്....26
മഴ....27
സാഗരം....28
വീട്....29

പുഴ -കവിത

# പുഴ

മധുരം സംഗീതം തൻ
ഹൃദയത്തിൽ ഏന്തി
കളകള ശബ്ദം പാടുമീ
പുഴ
നീല കുപ്പായം
അണഞ്ഞു
തുള്ളിച്ചാടുമീ പുഴ
പർവത താഴ്വരയിൽ
പുഞ്ചിരി തുകി
നൽകുമി പുഴ

ദേവനന്ദ



# ആശംസകൾ



**ലിസി ടീച്ചർ**


**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്**



**സിമി ടീച്ചർ**

**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്**

**ആകാശം - കവിത**


ആകാശം
ഭൂമിയിൽ മറഞ്ഞിരിപ്പുണ്ടാകും
ആകാശത്തെ തൊട്ടു നിന്നാലും
തിരിച്ചിറങ്ങാൻ
പ്രേരിപ്പിക്കുന്ന ഒന്നെങ്കിലും
ഭൂമിയിൽ മറഞ്ഞിരിപ്പുണ്ടാകും
മമത എ എസ്

# പി.ടി.എ യും കൊവിഡ് കാലവും

പി.ടി.എ ഈ കൊവിഡ് കാലത്ത് തങ്ങളാൽ കഴിയും വിധം പ്രയത്നിച്ചു വരുന്നു.

അണുനശീകരണം

പി.ടി.എഅംഗങ്ങൾ പ്രസിഡന്റിന്റെ നേതൃത്വത്തിൽ കാനുകളിൽ കൃത്യമായ ആളവിൽ സാനിറ്റൈസർ നിറയ്ക്കുകയും സ്പ്രേയർ ഉപയോഗിച്ച് എല്ലാ കെട്ടിടങ്ങളും ഫർണിച്ചറുകളും അണുവിമുക്തമാക്കുകയും ചെയ്യുന്നു.സ്റ്റാഫും പി.ടി.എ ഒത്തൊരുമിച്ച് ആവശ്യകമായ മുൻകരുതൽ എടുക്കുകയും കുട്ടികളെയും മറ്റുള്ളവരെയും സഹായിച്ച് സാമൂഹിക വ്യാപനം തടയുകയും ചെയ്യുന്നു.

മാസ്ക് നിർമാണം


പി.ടി.എയുടെ നേതൃത്വത്തിൽ മാതൃവേദിയിലെ ദീപാവാര്യരാണ് കുട്ടികൾക്കായി മാസ്ക് തയ്യാറാക്കിയത്.തുണി വാങ്ങിച്ച് പല അളവുകളിൽ തയ്ച്ച് എടുത്തു.സ്കൂളിൽ വരുന്ന് കുട്ടികൾക്ക് നൽകാനായിട്ടാണ് 2020 ൽ ഈ മാസ്കുകൾ നിർമിച്ചത്.

അച്ചടക്കപരിപാലനം

കൊവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ കുട്ടികൾ സാമൂഹിക അകലം പാലിക്കുന്നുണ്ട് എന്നത് ശ്രദ്ധിക്കുകയും ഉറപ്പ് വരുത്തുകയും ചെയ്യുന്നു.സ്കൂൾ വിടുന്ന സമയങ്ങളിൽ സ്കൂളിലും പരിസരങ്ങളിലും സാമൂഹികവിരുദ്ധരില്ലെന്ന് പ്രത്യേകം ഉറപ്പുവരുത്തുകയും കുട്ടികൾക്ക് സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.

വിദ്യാജ്യോതി ക്ലാസുകൾക്ക് സഹായം നൽകുന്നു.

അച്ചടക്കപരിപാലനത്തിന് സാമൂഹികസഹായം ഉറപ്പുവരുത്തുന്നു.



## പ്രാണനായ പ്രകൃതി

സുന്ദര പ്രകൃതി പച്ചപ്പട്ടണിഞ്ഞ്
നിൽക്കും
എന്റെ മനോഹര പ്രകൃതി
പുഴകൾ,മലകൾ,മരങ്ങൾ,നിറഞ്ഞ
സുന്ദര പ്രകൃതി ,സൂര്യോദയവും
സൂര്യാസ്തമയവും
കൺകുളിർപ്പിക്കും........
സർവ്വസുരഭില സുന്ദരമായ,
വിസ്മയമീ പ്രകൃതി,എന്റെ
പ്രാണനായ പ്രകൃതി.

**അളഗ എ**

# കാറ്റ്

കാറ്റ് കഥ പറയുന്നു
കാറ്റ് മെല്ലെയൊരു കഥ
പൂവിനോട് ചൊല്ലി
പൂവ് ആ കഥ
പൂമ്പാറ്റയത് ഏറ്റുപാടി കൊണ്ട്
പൂന്തോട്ടത്തെ വൃന്ദാവന
തുല്യമാക്കി

അനുഷ എസ് അജയൻ



**കടൽ -കവിത**



## കടൽ

**വിസ്മയ വിശാലമായ സാഗരം**
**അനന്തതയിൽ അത്ഭുതം**
**ശക്തിയുടെ പ്രതീകമാണത്**
**ഉൾകടൽ ഒരു ഭീകരം**
**ഭീകരതയിലുമുണ്ട് ഒരു**
**സൗന്ദര്യം**
**അത് ഇടിമിന്നലായ് വന്ന്**
**മഴയായ് പെയ്യുന്നു.**

**ശരണ്യ .പി .ബി**

# കുഞ്ഞാടും രണ്ട് വൃദ്ധരും

ഒരു ഗ്രാമത്തിൽ രണ്ടു വൃദ്ധരും ആടുകളും ജീവിച്ചിരുന്നു.ഒരു ഭർത്താവും ഭാര്യയുമാണ്.അവരുടെ ഭർത്താവിന് നടക്കാൻ സാധിക്കില്ലായിരുന്നു.അദ്ദേഹം വീൽചെയറിലാണ് ഇരിക്കുന്നത്.അവരുടെ വീട്ടിലെ ദാരിദ്ര്യം കാരണം അദ്ദേഹത്തിന്റെ ഭാര്യ ജോലിക്കു പോകുമായിരുന്നു.അദ്ദേഹത്തിന്റെ കൂട്ടിന് ഒരു കുഞ്ഞാടും അതിന്റെ അമ്മയും ഉണ്ടായിരുന്നു.അദ്ദേഹം അവരെ വളരെയേറെ സ്നേഹിച്ചിരുന്നു.

അദ്ദേഹത്തിന്റെ വീട്ടിന്റെ അടുത്താണ് അവരുടെ കൂട്.അങ്ങനെ ഒരു ദിവസം അദ്ദേഹത്തിന്റെ ഭാര്യ പതിവു പോലെ ജോലിക്കു പോയി.ഇദ്ദേഹം വീട്ടിൽ ഒറ്റക്കായിരുന്നു.വീൽചെയറിൽ ഇരിക്കുകയായിരുന്നു.ഒരു ഉച്ചസമയമായപ്പോൾ അദ്ദേഹത്തിന് ദാഹിച്ചു.അദ്ദേഹം വെള്ളമെടുക്കാൻ ശ്രമിച്ചപ്പോൾ അവിടെയിരുന്ന ഒരു കുപ്പി തട്ടി അദ്ദേഹം താഴെ വീണു.അദ്ദേഹം അവിടെ കിടന്ന് നിലവിളിച്ചു.ആരും കേട്ടില്ല.പിന്നെ തന്റെ കുഞ്ഞാട് അദ്ദേഹത്തിന്റെ നിലവിളി കേട്ട് ഓടിവന്ന് അയാളുടെ വിൽചെയറിൽ കയർ കെട്ടി.അദ്ദേഹത്തെ വലിച്ചെഴുന്നേൽപ്പിച്ചു.എന്നിട്ട് അദ്ദേഹത്തെ വെള്ളം ഇരിക്കുന്ന സ്ഥലത്തേയ്ക്ക് നീക്കികൊണ്ട് പോയി.അദ്ദേഹം വെള്ളം കുടിച്ചു.തന്റെ ഭാര്യ ജോലി കഴിഞ്ഞു വന്നപ്പോൾ നടന്ന കാര്യം അദ്ദേഹം പറഞ്ഞു.പിന്നെ ആ വീട്ടിലെ കുഞ്ഞുകുട്ടിയെ പോലെ ആ കുഞ്ഞാടിനെ അവർ നോക്കി.

## മഴ -കവിത


മഴ
തന്റെ വരവും കാത്തു
നിൽക്കുന്ന ഒരു കൂട്ടം
ആളുകൾ
മഴയിൽ നനയുന്ന
സ്വപ്നങ്ങൾ കാണവാണ് ഞാൻ
ദിയാ എം വാരിയർ

# കൊറോണയും എന്റെ ഓർമകളും

കൊറോണക്കാലം അവസാനിച്ചില്ലെങ്കിൽ എന്തു ചെയ്യുമായിരുന്നു? ചിന്തിക്കാനാകില്ല.എന്നാലും കൊറോണക്കാലത്ത് ഓൺലൈൻ ക്ലാസുകളും ചാറ്റിംഗുമായി സമയം കടന്നുപോയി.ഫോൺ വിളിക്കാനും ഉപയോഗിക്കാനും നിയന്ത്രണങ്ങളൊന്നുമില്ലായിരുന്നു.നല്ല രസകരമായി വാട്ട്സാപ്പും യൂട്യൂബുമൊക്കെ ഉപയോഗിക്കാൻ ആരംഭിച്ചത് കൊറോണക്കാലത്താണ്.

ഓൺലൈൻ ക്ലാസുകൾക്കായി കാത്തിരിപ്പായിരുന്നു.നെറ്റ് പോയാൽ സങ്കടമാകും.ടീച്ചേഴ്സ് ക്ലാസെടുക്കുമ്പോൾ സംശയം ചോദിക്കാനും തിടുക്കമായിരുന്നു.ഓൺലൈൻ ക്ലാസിനിടയിൽ ടീച്ചർ ലെഫ്റ്റ് ആയാൽ പിന്നെ ക്ലാസിലെ പോലെ ചലപില വർത്തമാനമായി.എല്ലാവരുടെയും ഓഡിയോയും വീഡിയോയും ഓണാകുകയും ടീച്ചർ തിരിച്ചുവരുമ്പോൾ എല്ലാം ഓഫാകുകയും ചെയ്യും.

പിന്നീട് സ്കൂൾ തുറക്കുന്നത് കാത്തിരിപ്പായി...അങ്ങനെ സ്കൂളിൽ പോകാനുള്ള അവസരം ലഭിച്ചു.എല്ലാവർക്കും സന്തോഷമായി.പക്ഷേ മാസ്കും അകലം പാലിക്കലും അരോചകമായി.എന്നാലും എല്ലാവരെയും കാണാലോ!മാത്രമല്ല അധ്യാപകർ പറയുംപോലെ സുരക്ഷിതത്വവും വേണം.

പിന്നെ പതിയെ പതിയെ മാസ്ക് അപ്രത്യക്ഷമായി.സ്കൂൾ പതിവു പോലെ രസകരമായി മാറി. (സൗഖിക)

# വിദ്യാഭ്യാസം - അന്നും ഇന്നും

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിലും വ്യക്തിത്വ വികസനത്തിലും മനോഭാവ നിർമിതിയിലും രക്ഷാകർത്താക്കൾക്കുള്ള പങ്ക് സുവിദിതമാണ്. എന്നിരുന്നാലും ഔപചാരിക വിദ്യാഭ്യാസത്തിൽ തങ്ങളുടെ പങ്ക് തുലോം പരിമിതമാണെന്ന ധാരണയാണ് സമീപകാലം വരെ സാധാരണക്കാരായ രക്ഷിതാക്കൾക്കു പൊതുവെ ഉണ്ടായിരുന്നത്. അധ്യാപകരക്ഷാ കർതൃ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന രക്ഷിതാക്കളുടെ എണ്ണം അടുത്ത കാലം വരെ വളരെ കുറവായിരുന്നു. എന്നാൽ ഇന്ന് പ്രതിമാസ ക്ലാസ് പി.ടി.എ കളിൽ വരെ സ്ഥിരമായി പങ്കെടുക്കാൻ രക്ഷിതാക്കൾ പ്രത്യേകിച്ചും അമ്മമാർ ഉത്സാഹം കാണിക്കുന്നു. മക്കളുടെ വിദ്യാഭ്യാസത്തിൽ രക്ഷിതാക്കൾ കാണിക്കുന്ന താൽ പര്യത്തിന്റെ നിദർശനമാണിത്.

പുതിയ കരിക്കുലവും സിലബസും പഠന പ്രവർത്തനങ്ങളും കുട്ടികളുടെ പഠന പ്രക്രിയയിൽ രക്ഷിതാക്കളുടെ പങ്ക് ഊന്നിപ്പറയുന്നുണ്ട്. മുതിർന്നവരിൽ നിന്ന് ജീവിതാനുഭവങ്ങൾ ചോദിച്ചു മനസ്സിലാക്കാൻ പാഠപുസ്തകങ്ങൾ പ്രേരിപ്പിക്കുന്നതു കൊണ്ടു മാത്രമല്ല ഇത്. കുട്ടികളുടെ മാനസിക വളർച്ചയിൽ രക്ഷിതാക്കൾ കൃത്യമായി ഇടപെടേണ്ടതുണ്ട് എന്ന തിരിച്ചറിവും ഇതിനു പ്രേരകമാണ്. ഇപ്പോഴത്തെ രക്ഷിതാക്കൾ അഭ്യസ്ത വിദ്യരാണ്. തങ്ങളുടെ കുട്ടികളെ ജീവിതത്തിന്റെ മത്സരയോട്ടത്തിൽ മുന്നിലെത്തിക്കേണ്ടതുണ്ട് എന്ന് ഓരോ രക്ഷിതാവും മനസ്സിലാക്കുന്നു. കുട്ടികൾ പഠിക്കുന്നുണ്ടെന്നും വിദ്യാലയങ്ങളിൽ നിന്ന് അവർക്കർഹമായത് ലഭിക്കുന്നുണ്ട് എന്നും ഉറപ്പു വരുത്തൽ തങ്ങളുടെ ബാധ്യതയാണെന്ന് രക്ഷിതാക്കൾക്കറിയാം. അതിനാൽ അവരുടെ ഭാഗത്തു നിന്നുള്ള ഗുണകരമായ ഇടപെടലുകൾ ഇന്നുണ്ടാവുന്നുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ രക്ഷിതാക്കളുടെ ഭാഗത്തു നിന്നുള്ള ജാഗ്രത അധികമായി ആവശ്യപ്പെടുന്നുണ്ട് എന്നുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ദൃശ്യമാധ്യമങ്ങളും മൊബൈൽ, നെറ്റ് തുടങ്ങിയ പുത്തൻ ആശയ വിനിമയോപാധികളും ഏറെ ദുരുപയോഗം ചെയ്യപ്പെടുന്നതിന്റെ തിക്തഫലങ്ങൾ ദിനേനെ നാം അറിഞ്ഞും അനുഭവിച്ചും കൊണ്ടിരിക്കുന്നു. കുറ്റകൃത്യങ്ങളിലേക്ക് കുട്ടികളെ ആകർ ഷിച്ചുകൊണ്ടുപോവുന്ന ഗൂഢ സംഘങ്ങൾ സജീവമാണ്. രക്ഷിതാക്കളുടെ നിരന്തരം ജാഗ്രത ആവശ്യമാക്കുന്ന സാമൂഹിക സാഹചര്യമാണിത്.

കുട്ടികളെക്കുറിച്ചുള്ള യാഥാർത്ഥ്യനിഷ്ഠമല്ലാത്ത അമിത പ്രതീക്ഷകൾ വച്ചുപുലർത്തുന്ന നല്ലൊരു ശതമാനം രക്ഷിതാക്കളുണ്ട്. അവർ തങ്ങൾക്ക് നേടാൻ സാധിക്കാതെ പോയത് തങ്ങളുടെ മക്കളിലൂടെ നേടണമെന്ന് ആഗ്രഹിക്കുകയും അതിനുള്ള തത്രപ്പാടിൽ കുട്ടികളുടെ മനോവികാസത്തെ തടസ്സപ്പെടുത്തുന്ന അമിതാവേശ പ്രവൃത്തികളിൽ അഭയം തേടുകയും ചെയ്യുന്നു. കുട്ടികളുടെ പ്രകൃതത്തെസ്സംബന്ധിച്ചോ കഴിവുകളെസ്സംബന്ധിച്ചോ ശരിയായ ധാരണയില്ലാത്തവരാണ് കുട്ടികളെ ഡോക്ടറോ എഞ്ചിനീയറോ ആക്കിയേ അടങ്ങൂ എന്ന വാശിയിൽ കുട്ടികളെ നശിപ്പിക്കുന്നത്. കുട്ടിയുടെ അഭിരുചി കണക്കിലെടുക്കാതെയുള്ള 'വിദ്യാഭ്യാസ പീഡനം' വിപരീത ഫലമേ ഉളവാക്കൂ എന്ന് രക്ഷിതാക്കൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. പതുക്കെയാണെങ്കിലും ആളുകൾ ഇതു തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു എന്നത് ആശ്വാസകരമാണ്.

ഗോപിക എ പി

സ്നേഹം -കവിത



# സ്നേഹം

മനുഷ്യനെന്ന
നാലക്ഷരങ്ങൾക്കുള്ളിൽ
പുകയുന്ന മൂന്നക്ഷരങ്ങൾ
അസുരജന്മങ്ങളെ തൊട്ടുതീണ്ടാത്ത
സർവ്വവുമാകുന്ന മൂന്നക്ഷരങ്ങൾ
പറവപോൽ പായുന്ന
മാനവജന്മത്തിൽ
മിന്നിയും മാഞ്ഞും തിളങ്ങുന്നവ
ഭംഗിയും സുഖവും തെളിയുന്നിങ്ങനെ
അധരങ്ങൾ തേൻ
നുകരുന്നതുപോൽ
ഉറ്റവരെല്ലാം അടുത്തുനിൽക്കാനുള്ള
കാന്തയന്ത്രം പോലവ ആയിടുന്നു
പുത്രനും അമ്മയും അമ്മയും
അച്ഛനും
കോർത്തിട്ടും അടിസ്ഥാനമായിടുന്നു
അതേ സ്നേഹമാണെല്ലാം
ഒടുങ്ങാത്ത
മാനം പോൽ ഭൂമിയിലെങ്ങും
വിളങ്ങിടട്ടെ.

നിത്യ . കെ . എം

# എന്റെ നാട്

**തെക്ക തെക്ക തിരുവനന്തപുരം**
**കൊല്ലം ആലപ്പുഴ കോട്ടയവും**
**അഴകേറിയൊരെറുണാകുളം**
**അരികത്തിടുക്കിയും അതിരിട്ടും**
**പാലക്കട്ടും തൃശ്ശൂരും**
**വടകോട്ട് പോകുമ്പോള് ഉണ്ട്**
**മലപ്പുറം കോഴിക്കോട് വയനാട്**
**കണ്ണൂർ**
**പുത്തൻ പത്തനംതിട്ട**
**കാസർകോട്ടും**
**ചേർന്ന പതിനാല്പ ജില്ലകൾ**

**ചേർന്ന പതിനാല്പ ജില്ലകൾ.**

**നിത്യ .കെ. എം**



# കുളിർകാറ്റ്



## കാറ്റ്

ആനന്ദം തരും കാറ്റ്
പുലരിയുടെ മധുരമാം കാറ്റ്
കുളിർ കാറ്റ്.
മനസ്സിൽ നിറം പകരും കാറ്റ്
കുളിർ കാറ്റ്

പൂക്കളെ ചിരിപ്പിക്കും കാറ്റ്
മരങ്ങളെ തഴുകി എത്തും കാറ്റ്
ഇളം കാറ്റ്.

ആദിലക്ഷ്മി

# കോവിഡ് -19

## കോവിഡ്-19

2019 ഡിസംബർ 31 ന് ചൈനയിലെ ഹ്യൂബൈ പ്രവിശ്യയിലെ വുഹാൻ പട്ടണത്തിൽ നിരവധിപേരിൽ ന്യൂമോണിയ രോഗബാധ സ്ഥിരീകരിച്ചു. തുടക്കത്തിൽ രോഗബാധയുടെ കൃത്യമായ കാരണം കണ്ടെത്താനായില്ല. 2020 ജനുവരി 9 ന് ചൈനയിലെ സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആന്റ് പ്രിവെൻഷൻ പുതിയ ഒരിനം കൊറോണാവൈറസ് (നോവൽ കൊറോണാവൈറസ്) ആണ് ഈ രോഗം പൊട്ടിപ്പുറപ്പെടാൻ കാരണമെന്ന് വിശദീകരിച്ചു. അവിടെ നിന്ന് വിവിധ രാജ്യങ്ങളിലേക്ക് രോഗം സംക്രമിച്ചു. 2020 ജനുവരി 30 ന് ലോകാരോഗ്യസംഘടന 2019 (വൈറസിനെ തിരിച്ചറിഞ്ഞ വർഷം), N (=new), coV (= കൊറോണാവൈറസ് ഫാമിലി) എന്നിവ ചേർത്ത് വൈറസിന് 2019-nCoV എന്ന പേരുനൽകി. 2020 ഫെബ്രുവരി 11 ന് ഇന്റർനാഷണൽ കമ്മിറ്റി ഓൺ ടാക്സോണമി ഓഫ് വൈറസസ് (ICTV) വൈറസിനെ സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം കോറോണവൈറസ് 2 (SARS-CoV-2) എന്ന് പേരുനൽകി. തുടർന്ന് ലോകാരോഗ്യസംഘടന ഈ വൈറസ് രോഗത്തെ കോവിഡ്-19 (= Coronavirus disease 2019) എന്ന് നാമകരണം ചെയ്തു. മനുഷ്യനെ ബാധിക്കുന്ന കൊറോണവൈറസുകളിൽ ഏഴാമത്തേതാണ് Sars-coV-2 വൈറസ്.



# എന്ത് സാധ്യം

നീയുമൊത്തുള്ള ഓരോ നിമി-
ഷവും എൻ മനസ്സിൽ
നിൻ വിരഹദുഃഖത്തിൽ വേള-
യിൽ കനലായ് നീറുന്ന എൻ
മനസ്സും ശരീരവും നീയില്ലാത്തയീ
നേരം മഞ്ഞുപോലെ തണുത്തു-
റഞ്ഞിരിക്കുന്നു സഖീ
നീയെന്നരികത്തുള്ള നേരം
നീയുമൊത്തുള്ള ഓരോ നിമിഷ-
വും വരണ്ട നീരുറവയിൽ
നിന്നും തെളിനീരൊഴുകുന്ന പുഴ-
യിലെത്തിയ മത്സ്യത്തിനുണ്ടാകും
പ്രത്യേകമാമൊരനുഭൂതി
ഞാനനുഭവിക്കാറുണ്ടായിരുന്നു സഖീ....
എന്നാൽ ഇന്ന് നിൻ വിരഹത്തിൻ-
ദുഃഖത്താൽ വറ്റിവരണ്ട പുഴയിൽ
തെളിനീരിനായ് വെമ്പൽ
കൊള്ളുന്ന മത്സ്യത്തിനു തുല്യമായ്
എൻ ജീവിതം.
താങ്ങാനൊക്കുന്നില്ല
സഹിക്കുവാൻ കഴിയുന്നില്ല
നിൻ വേർപാടിൻ ദുഃഖം
ഇനി എൻ ജീവിതത്തിൽ
നീയുമൊത്തുള്ള വസന്തകാലം
എനിക്കൊന്നു സാധ്യം
എനിക്കോർക്കാനൊരുപിടി
ഓർമ്മകൾ മാത്രം നൽകി നീ
പോയല്ല സഖീ...
ഇനി നീയുമൊത്തുള്ള വസന്തകാലം
എനിക്കൊന്നു സാധ്യം
എനിക്കൊന്നു സാധ്യം.

**അനുഷ . എസ് .അജയൻ**

## തേന്മാവ്



**തേൻമാവ്**

തേനൂറും കനിയുമേന്തി
കാറ്റിൽ ഉല്ലസിച്ചാടും
തേൻമാവ്
പക്ഷിതൻ കൂടേന്തി
അണ്ണാൻ വരവേറ്റ് തൻ
ചില്ലകളിൽ
മാമ്പഴവുമായി
ചിരിച്ചുല്ലസിക്കും
തേൻമാവ്

ദിയ എം വാര്യർ

# മഴവില്ല്




## മഴവില്ല്

മഴവില്ലിനേഴ
നിറങ്ങളാണ്
ഭംഗി
നിറങ്ങൾ തുമഞ്ഞിൽ
ലയിച്ച ശേഷമുണ്ടാകുന്ന
മഴയിൽ നിന്ന്
വരുന്ന മഴവില്ല്..

<u>മമത എ എസ്</u>

## മഴ




**മഴ**

നൊമ്പരമെഴുതിയ
മഴയേ...............
എത്ര നീ വേദന
തന്നുവെന്നാലും
പ്രണയിച്ചു
പോയില്ലേ നിന്നെ
ഞാൻ മഴയേ.......
പ്രണയിച്ചിട്ടും ഞാൻ
ഇനിയുള്ളകാലവും
നിൻ മഴത്തുള്ളി
കിലുക്കമാണിപ്പോഴും
എൻ ഇടനെഞ്ചിൻ
ഹൃദയതാളം
പോലെയുള്ള
മഴയേ.................

മമത എ എസ്

# സാഗരം



## കടൽ

വിസ്മയ വിശാലമായ സാഗരം
അനന്തതയിൽ അത്ഭുതം
ശക്തിയുടെ പ്രതീകമാണത്
ഉൾകടൽ ഒരു ഭീകരം
ഭീകരതയിലുമുണ്ട് ഒരു
സൗന്ദര്യം
അത് ഇടിമിന്നലായ് വന്ന്
മഴയായ് പെയ്യുന്നു.

<u>ശരണ്യ .പി .ബി</u>

# വീട്



## വീട്

സ്വർഗ്ഗമാണെന്റെ വീട്
വീടാകുന്ന സ്വർഗ്ഗത്തിൽ
എന്നെ മാറിലണയ്ക്കാനായി
അമ്മയുണ്ടെനിക്കു വീട്ടിൽ
തോളിലേറ്റി നടക്കാനായ്
വീട്ടിലെനിക്കച്ഛനുണ്ട്
കഥകൾ ചൊല്ലി
കേൾപ്പിക്കാൻ
മുത്തശ്ശനുണ്ട് മുത്തശ്ശിയും
ആടിപ്പാടിക്കളിച്ചീടാൻ
ചേട്ടനും ചേച്ചിയും
ഉണ്ടെനിക്ക്
ഞങ്ങൾക്കും വീടിനും
കാവലായി
ടോമിപ്പട്ടിയുമുണ്ടല്ലോ
സ്വർഗ്ഗമാകുന്ന ഈ
വീടിനുള്ളിൽ
നമ്മൾ തമ്മിൽ സ്നേഹിച്ചും
സന്തോഷത്തിൽ ആറാടി
നാമൊരുമിച്ചു വസിക്കുന്നു.

അജോഷ് .എസ്.അജയൻ